# Weekly Devotions of March -2016

Week-3

## 'The Lord needs it'

## കർത്താവിന് ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട്




ഒരിക്കൽ ഒരു കുതിരയും കഴുതയും കൂടി പട്ടണം കാണുവാൻ പുറപ്പെട്ടു. കുതിര തല ഉയർത്തി സന്തോഷത്തോടെ നടന്നപ്പോൾ കഴുത തല കുനിച്ചാണ് നടന്നത്. കുതിര തന്റെ ആരോഗ്യം, സൗന്ദര്യം ഇവയെപ്പറ്റി വാചാലനായപ്പോൾ കഴുത തന്റെ ദയനീയ കഥ പറഞ്ഞു. യജമാനൻ പുൽത്തൊട്ടിയിലിട്ടു തരുന്ന ഭക്ഷണസാധനങ്ങൾ കഴിച്ച് ബന്ധനാവസ്ഥയിൽ കഴിഞ്ഞ ഒരു കാലം എനിക്ക് ഉണ്ടായിരുന്നു. ഒരിക്കൽ ശ്രുതിമധുരമായ ഗാനം കേട്ട് ഉണർന്ന ഞാൻ കണ്ടത് സ്വർഗ്ഗീയ വെളിച്ചമാണ്. എന്താണെന്നറിവാൻ നോക്കിയപ്പോൾ കണ്ടത് ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു സുന്ദരനായ പൈതലിനെയാണ്.

സ്വർഗ്ഗീയ ഗാനം കേട്ട ഞങ്ങൾ കെട്ടപ്പെട്ട അവസ്ഥയിൽ നൃത്തം ചെയ്ത് സന്തോഷിച്ചു. അന്ന് കെട്ടപ്പെട്ട അവസ്ഥയിൽ നൃത്തം ചെയ്ത ഞങ്ങളെ പിന്നീട് ലോകശക്തികളുടെ ബന്ധനത്തിൽ നിന്ന് അഴിയ്ക്കുവാൻ കർത്താവ് രണ്ട് പേരെ അയച്ചു. കർത്താവിന് ഇവയെക്കൊണ്ട് ആവശ്യമുണ്ടെന്നറിയിച്ചപ്പോൾ യജമാനൻ മറുപടിയൊന്നും പറയാതെ ഞങ്ങളെ സ്വതന്ത്രരാക്കി.

ശിഷ്യൻമാർ വസ്ത്രം ഞങ്ങളുടെ മേൽ ഇട്ടു. ജനം വഴിയിൽ മരച്ചില്ലകൾ, പൂക്കൾ, വസ്ത്രം ഇവ വിരിച്ചപ്പോൾ ഞങ്ങൾ വിചാരിച്ചു സ്വതന്ത്രരായ ഞങ്ങളെ സ്വീകരിച്ചതാകാമെന്ന്. എന്നാൽ യേശു കഴുതക്കുട്ടിയുടെ പുറത്തു കയറിയപ്പോൾ ജനം ദാവീദു പുത്രന് ഹോശന്ന പാടി, ദൈവത്തെ മഹത്വപ്പെടുത്തി. അപ്പോഴാണ് ഞങ്ങളുടെ ഒന്നുമില്ലായ്മ ഞങ്ങൾ മനസ്സിലാക്കിയത്.രാജാധിരാജന്റെ മഹത്വം ഞങ്ങളെ താഴ്മയുടെ പാഠം പഠിപ്പിച്ചു. അതിനാൽ അഹങ്കാരത്തോടെ തല ഉയർത്തിപ്പിടിക്കുവാൻ എനിയ്ക്ക് കഴിയുകയില്ല എന്ന് സുഹൃത്തിന് കഴുത മനസ്സിലാക്കിക്കൊടുത്തു. ഇത് ഒരു സങ്കൽപ കഥ എന്നു കരുതി ശ്രദ്ധിപ്പാൻ ഉപേക്ഷ വിചാരിക്കരുത്.

കഴുത ഒരു വിശ്വാസിയുടെ പ്രതീകമാണ്. ലോകത്തിന്റെ ബന്ധനത്തിൽ തകരാനുള്ളതല്ല ഒരു വിശ്വാസിയുടെ ജീവിതം. ഇയ്യോബ്(39:5)ൽ ചോദിക്കുന്നു" കാട്ടു കഴുതയെ അഴിച്ചു വിട്ടത് ആർ? എന്ന് . സൃഷ്ടാവായ ദൈവത്തിനോ , ദൈവം അയയ്ക്കുന്നവർക്കോ മാത്രമേ ബന്ധനം തകർത്ത് സ്വതന്ത്രമാക്കുവാൻ കഴിയുകയുള്ളൂ. ക്രിസ്ത്യാനി എന്ന് അഭിമാനിക്കുന്ന പലരും ഇന്ന് ബന്ധനത്തിലാണ്. ലോത്തിന്റെ ഭവനത്തിന്റെ വാതിൽ സോദോമിലേക്ക് തുറന്നതുപോലെ പലരും ഇന്ന്

ലോകമോഹത്താൽ ഭ്രമിച്ച് ബന്ധനത്തിലായിരിക്കുന്നു. സോദോമിലേക്കുള്ള വാതിലടച്ച് കഴുതപ്പുറത്ത് വരുന്നവന് ഹോശന്ന പാടുന്നത് ശ്രദ്ധിക്കുക. ആർത്തുപാടി അവനെ സ്തുതിച്ച് പുത്തനാം യെറുശലേമിലേക്കുള്ള യാത്രയിൽ പങ്കാളികളാകുക. നോക്കിനിൽക്കുന്നവരോ, മനുഷ്യരെ ഭയന്ന് കെട്ടപ്പെട്ട അവസ്ഥയിൽ ഭവനത്തിൽ കഴിയുന്നവരോ ആകാതെ സ്വതന്ത്രനാക്കിയ യേശുവിന്റെ പിന്നാലെ ഓടുക.

കെട്ടഴിച്ചവരുടെ മേൽ നീതിയുടെ വസ്ത്രം ഇടുവാൻ അവൻ ആഗ്രഹിക്കുന്നു. ലോകത്തിന്റെ ഇമ്പം വിട്ട്, താഴ്മ ധരിച്ച് നമ്മെ സമർപ്പിക്കാം. ദൈവീക സ്വാതന്ത്ര്യത്തിന്റെ സന്തോഷം അനുഭവിക്കുവാൻ എല്ലാവർക്കും ഇടയാകട്ടെ.

## പ്രാർത്ഥന

കർത്താവിന്റെ ആത്മാവുള്ളിടത്ത് സ്വാതന്ത്ര്യമുണ്ടെന്ന് ഞങ്ങളെ പഠിപ്പിച്ച പിതാവേ, ലോകത്തിന്റെ ബന്ധനം തകർത്ത് സ്വതന്ത്രരാക്കുന്ന അങ്ങയുടെ സ്നേഹത്തിന് സ്തോത്രം. അങ്ങയിൽ സ്വതന്ത്രരാകുമ്പോഴും ക്രിസ്തുവിലുള്ള അടിമത്വം നിലനിർത്തി ദൈവീക പരിജ്ഞാനത്തിൽ വചനം പങ്കിടുവാൻ സഹായിക്കേണമേ

ആമേൻ

Santhamma Varghese

Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind